കുന്നിലുള്ള 10.53 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ പ്രവൃത്തി പുരോഗതിയിലാണ്. ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിനിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഭാരതീപുരത്തെ 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല സംഭരണിയുടെ പണി റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖല 2 സോണായി തിരിച്ച് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2011 ഡിസംബർ മാസത്തോടുകൂടി ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുടിവെള്ള പൈപ്പ് ലൈനുകൾക്ക് സംഭവിക്കുന്ന നാശനഷ്ടം

129 (726) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുറം ബണ്ട് നിർമ്മാണം ആരംഭിക്കുമ്പോൾ കുടിവെള്ളപൈപ്പുകൾക്ക് സംഭവിക്കുന്ന നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പൈപ്പു ലൈനുകൾ പുന:സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾകൂടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ള പൈപ്പുലൈനുകൾ പുന:സ്ഥാപിക്കുന്നതിന് കുട്ടനാട് പാക്കേജിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ വിഷയം ഒരു പ്രത്യേക പദ്ധതിയായി കേന്ദ്ര സർക്കാരിനു മുമ്പിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 29-8-2010-ൽ മങ്കൊമ്പ് പ്രോജക്ട് ആഫീസ്, ആലപ്പുഴയിൽ വച്ചു കൂടിയ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി മീറ്റിംഗിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുറം ബണ്ട് നിർമ്മാണം ആരംഭിക്കുമ്പോൾ കുടിവെള്ള പൈപ്പ് ലൈനുകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പുറം ബണ്ടു നിർമ്മാണവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന കോൺട്രാക്ടർക്ക്, നിലവിലുള്ള പൈപ്പ് ലൈനുകൾ നാശനഷ്ടം വരുത്തുന്ന പക്ഷം, ഫൈൻ ഏർപ്പെടുത്തുവാനും ഈ പൈപ്പ് ലൈനിന്റെ കേടുപാടുകൾ മാറ്റുന്നതിനുള്ള വ്യവസ്ഥ എഗ്രിമെന്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുവാനും ഇറിഗേഷൻ വകുപ്പിനോട് പ്രസ്തുത കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly